**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** **06-07-2022 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ സപ്ലൈകോയുടെ പ്രവർത്തനം എത്രത്തോളം സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണി വിലയിൽ നിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യസാധനങ്ങളും പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' എന്ന പേരിൽ പൊതു വിപണിവിലയിൽ നിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി കോവിഡ് പശ്ചാത്തലത്തിൽ എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 5600 കോടി രൂപ ചെലവഴിച്ച് 13 തവണകളിലായി 11.5 കോടി കിറ്റുകളാണ് ഇപ്രകാരം നല്കിയത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ |

| | | | |
|---|---|---|---|
| | | | അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. |
| (ബി) | കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1630 ഔട്.ലെറ്റുകളിലേയ്ക്ക് ആവശ്യമായ അരി, പഞ്ചസാര, പയറുവർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടെയുള്ള 38 ഇനം പലവ്യഞ്ജന സാധനങ്ങൾ, ഡിപ്പോകളിൽ നിന്നും ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ ലഭ്യത, കമ്പോള നിലവാരം, തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നിവ മുഖേന വാങ്ങി വിൽപ്പനശാലകളിലൂടെ വിതരണം ചെയ്യുന്നുണ്ട്. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോട് കൂടിയ ഇ-ടെണ്ടർ മുഖാന്തിരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പ് വരുത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി യഥാസമയം വിതരണം നടത്താൻ സാധിക്കുന്നു. രാജ്യത്തെ പ്രമുഖ ഉൽപ്പാദക സംസ്ഥാനങ്ങളിലുള്ള വിതരണക്കാർ നേരിട്ട് സപ്ലൈകോ മാസം തോറും നടത്തുന്ന ഇ-ടെണ്ടർ/ഇ-ഓക്ഷനിൽ പങ്കെടുക്കുന്നുണ്ട്. ഇപ്രകാരം ഏകദേശം 65 ഓളം വിതരണക്കാരും കൂടാതെ പ്രാദേശിക വിതരണക്കാരും പങ്കെടുക്കുന്നതിനാൽ കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ പലവ്യഞ്ജനങ്ങൾ സപ്ലൈകോയ്ക്ക് വാങ്ങുവാൻ കഴിയുന്നു. എല്ലാ മാസവും സമയബന്ധിതമായി നിത്യോപയോഗ സാധനങ്ങളുടെ പർച്ചേസ് നടത്തുന്നതിനാൽ എല്ലാ ഔട്ട് ലെറ്റുകളിലും ഇവയുടെ ലഭ്യത ഉറപ്പുവരുത്തുവാൻ കഴിയുന്നു.<br><br>Centrally Consolidated Indenting System (CCIS), Centrally Listed Companies (CLC), Locally Listed Companies (LLC) എന്നീ വിഭാഗങ്ങളിലായി കമ്പനികളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം മതിയായ രേഖകൾ ഉള്ള കമ്പനികളെ ഉൾപ്പെടുത്തി അതിൽ CCIS കമ്പനികൾക്ക് മാത്രം Fast Moving Consumer Goods (FMCG) സെക്ഷനിൽ നിന്നും Indent portal open ചെയ്ത് outlet ലെ വിൽപ്പനയ്ക്ക് ആനുപാതികമായി ഡിപ്പോയിൽ നിന്നും ലഭിക്കുന്ന Indent പ്രകാരം Pre audit നടത്തി Purchase order നൽകി സാധനങ്ങൾ വാങ്ങി ഒരു നിശ്ചിത മാർജിൻ ഈടാക്കി കുറഞ്ഞ വിലയ്ക്ക് വിറ്റു വരുന്നു. |
| | | | |

| | | | |
|---|---|---|---|
| (സി) | സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ നിത്യോപയോഗ സാധനങ്ങൾക്കൊപ്പം ഗാർഹിക ഉപകരണങ്ങൾ കൂടി വിപണനം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ; | (സി) | സപ്ലൈകോയുടെ തെരഞ്ഞെടുത്ത സൂപ്പർമാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നിവ മുഖേന 2019 ഫെബ്രുവരി മാസം മുതൽ ഗൃഹോപകരണ വില്പന ആരംഭിച്ചിട്ടുള്ളതും നിലവിൽ വിവിധ കമ്പനികളുടെ ഗൃഹോപകരണങ്ങൾ സപ്ലൈകോയുടെ 164 വില്പനശാലകളിൽ ലഭ്യവുമാണ്. |
| (ഡി) | ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തി സപ്ലൈകോയുടെ വാതിൽപ്പടി സേവനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | 2021 ഡിസംബർ 11 മുതൽ ഓൺലൈൻ വില്പനയും ഹോം ഡെലിവറി സംവിധാനവും "സപ്ലൈകേരള" എന്ന മൊബൈൽ ആപ്പ് വഴി സപ്ലൈകോയിൽ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ സപ്ലൈകോയുടെ 582 സൂപ്പർമാർക്കറ്റുകളിൽ ഈ സൗകര്യം ലഭ്യമാണ്. ഈ സംവിധാനത്തിന്റെ പ്രചരണാർത്ഥം സപ്ലൈകോ ഡിജിറ്റൽ മാർക്കറ്റിംഗ് നടത്തുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളായ മിൽമ, വനം വകുപ്പ് എന്നിവരുടെ ഭക്ഷ്യ വസ്തുക്കൾ "സപ്ലൈകേരള" ആപ്പ് വഴി വില്പന സാധ്യമാക്കുന്നതിനായി നടപടികൾ നടന്നുവരുന്നു. കൂടാതെ ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ 'സപ്ലൈ കേരള' ആപ്പ് വഴി വില്പന നടത്തുന്നതിനായി പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ